APPENDIX

Questions and Answers laid on the Table

(The numbers within brackets indicate the serial numbers in the lists of admitted questions for the respective dates to which the questions were posted.)*

Starred Questions posted for Answer on 27th February 1951

സെൻസസ്സ് ജോലി

*൧൭൩൭. (൧) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട സെൻസസ്സ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പുതിയ സെൻസസ്സ് സംബന്ധിച്ച് ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും എതെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളിൽ ജാതിനാമവും, ഉപജാതിനാമവും ഉൾപ്പെടുത്താതിരിക്കുവാൻ അറിയിച്ചിട്ടുണ്ടോ ?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) ഇത്തവണത്തെ സെൻസസ്സിലെ പതിനാല് ചോദ്യങ്ങൾക്കും ഉത്തരം എഴുതുന്നതിനുള്ള നിർദ്ദേശങ്ങൾ ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും നൽകിയിട്ടുണ്ട്.

(ബി) പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, പിന്നോക്കസമുദായക്കാർ എന്നിവരുടെ ജാതിനാമങ്ങൾ മാത്രമെ ഉൾപ്പെടുത്തുവാൻ അറിയിച്ചിട്ടുള്ളൂ.

ഭക്ഷ്യധാന്യ കപ്പലുകൾ

*൧൭൩൯. (൨) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആലപ്പുഴ തുറമുഖത്ത് ഫൻ ഇ ഠ-ൽ എത്ര ഭക്ഷ്യധാന്യകപ്പലുകൾ അടുത്ത് ചരക്ക് ഇറക്കിയിട്ടുണ്ട്;

(ബി) തുറമുഖത്ത ജോലി ചെയ്യുന്ന പോർട്ടർമാരുടെ സംഖ്യ എത്ര;

(സി) ഫൻഇ ഠ-ൽ ശരാശരി എത്രപേക്ക് എത്രദിവസം വീതം ജോലി കിട്ടിയിട്ടുണ്ട്?

പൊതുമരാമത്തും, ഗതാഗതവും, കൃഷിയുംവകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): (എ) ഫൻ ഇ ഠ-ൽ യാതൊരു ഭക്ഷ്യധാന്യകപ്പലുകളും ആലപ്പുഴ തുറമുഖത്ത അടുത്ത് ചരക്ക് ഇറക്കിയിട്ടില്ല.

(ബി) പോർട്ടർമാർ എന്നൊരു വിഭാഗം ജോലിക്കാർ ആലപ്പുഴ തുറമുഖത്ത ഉള്ളതായി അറിവില്ല. വിവിധ ജോലികളിലായി ഫ,ഛ ൽ ജോലിക്കാർ തുറമുഖത്തുണ്ട്.

(സി) അറിയാൻ പാടില്ല. അപ്രകാരം ഒരു കണക്ക് എടുത്തിട്ടില്ല.

---

*The answers herein published are in respect of questions which were included in the lists for previous days of the session but for which answers were not ready on the respective days and were furnished subsequently. Such answers together with the questions to which they relate were laid on the table on this date.

LIBRARY ARCHIVES Kerala Legislative Assembly